STUDY MATE QUESTION BANK
HTTPS://STUDYMATEQUESTIONBANK.BLOGSPOT.COM/

# First Terminal Evaluation-2024-'25

Time: 1½Hrs

Std : 6 **കേരളപാഠാവലി** Score :25

**നിർദ്ദേശങ്ങൾ:**

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസസമയം ആണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തെരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കണം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ച് മനസ്സിലാക്കി വേണം ഉത്തരം എഴുതാൻ ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം ഇവ പരിഗണിക്കണം.

**6 പ്രവർത്തനത്തിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരം എഴുതുക. 5 സ്കോർ വീതം.**

**പ്രവർത്തനം-1**

ഏറെ വികൃതിയൊരുണ്ണിയുണ്ടേ
കോലായിൽ, മുറ്റത്തടുക്കളയിൽ
ഓടി നടപ്പൂ പിടി തരാതെ
ചാടിക്കുതറിപ്പൊടി വിതറി
മച്ചിലിരുന്നവൻ കൂകിടുന്നു
ഉച്ചിയിൽ രോമം വലിച്ചിടുന്നു
കൊച്ചഴിവാതിൽ തുറന്നിടുന്നു
കട്ടിലിൻ കീഴിലൊളിച്ചിടുന്നു
ആരീ കുസൃതിയെ കൽത്തളത്തിൽ
തൂണിൽ തളച്ചിടും കൈകൾ കെട്ടി?

a. മച്ചിലിരുന്നവൻ എന്താണ് ചെയ്യുന്നത്? [1]

b. അവന്റെ വികൃതികാരണം അവനെ എന്തുചെയ്തെന്നാണ് കവി പറയുന്നത്? [1]

c. ഈ കവിതയ്ക്ക് ഒരു ശീർഷകം നൽകൂ [1]

d. ഏതെങ്കിലും രണ്ട് പ്രയോഗഭംഗി കണ്ടെത്തി എഴുതൂ. [2]

**പ്രവർത്തനം-2**

a. 'പടയണി' എന്ന ലേഖനം പരിചയപ്പെട്ടതാണല്ലോ. അതുപോലെ നിങ്ങൾക്കറിയാവുന്ന മറ്റൊരു നാടൻ കലാരൂപത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക. [4]

b. **ഒരു പദം എഴുതുക.**

**മാതൃക:** അന്യദേശക്കാരൻ → പരദേശി

പ്രകൃതിയിൽ നിന്നും ലഭിക്കുന്നത് → ................ [1]

[P.T.O]

https://studymatequestionbank.blogspot.com/

**പ്രവർത്തനം-3**

ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.

* 1944 കൊച്ചിയിൽ
* പിതാവ് : വി.എ. സൈനുദ്ദീൻ നൈന (പത്രപ്രവർത്തകൻ)
* നാടകങ്ങൾ, തിരക്കഥകൾ, നോവൽ, ചലച്ചിത്രഗാനരചന

ക്ലാസിക്ക് അഭിമുഖങ്ങൾ, കൊളംബസും മറ്റുയാത്രികരും, ഹിറ്റ്ലറുടെ മനസ്സ്, മരുഭൂമിയിലെ പ്രവാചകൻ, ലതാമങ്കേഷ്കർ, സംഗീതവും ജീവിതവും, മെലഡി:താൻസെൻ മുതൽ സക്കീർ ഹുസൈൻ വരെ

മുകളിൽ തന്നിരിക്കുന്ന സൂചകങ്ങളുടെ സഹായത്തോടെ ജമാൽ കൊച്ചങ്ങാടിയുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക. [4]

b. "അങ്ങു ദൂരെ നിൻ ദിവ്യഗാനാമൃത-
മന്തി വാനിലലിഞ്ഞു ചേർന്നീടവേ"

അന്തിവാനിൽ അലിഞ്ഞു ചേരുന്നത് എന്താണ്? [1]

**പ്രവർത്തനം-4**

പ്രസംഗം തയ്യാറാക്കുക.

a. ഒക്ടോബർ 7 ബാബുരാജിന്റെ ചരമദിനമാണ്. അനുസ്മരണ പരിപാടിയിൽ പ്രസംഗം നടത്താൻ ഉള്ളത് എഴുതി തയ്യാറാക്കാൻ അമ്മുവിനെ സഹായിക്കുക. [4]

b. 'ആ മനുഷ്യൻ ഇദ്ദേഹമായിരുന്നു' എന്ന പേരിൽ ബാബുരാജിനെക്കുറിച്ച് എഴുതിയ അനുസ്മരണക്കുറിപ്പാണ് 'പാട്ടിന്റെ പാലാഴി' ആരാണ് ഇത് എഴുതിയത്. [1]

**പ്രവർത്തനം-5**

a. വള്ളത്തോളിന്റെ സാഹിത്യമഞ്ജരി ഒന്നാം ഭാഗത്തിലെ 'ഒരു ചിത്രം' എന്ന കവിത നിങ്ങൾ പഠിച്ചതാണല്ലോ? ആ കവിതയുടെ ആസ്വാദനം തയ്യാറാക്കുക. [4]

b. കേരളകലാണ്ഡലം സ്ഥാപിച്ചതാരാണ്? [1]

STUDY MATE QUESTION BANK
HTTPS://STUDYMATEQUESTIONBANK.BLOGSPOT.COM/

**പ്രവർത്തനം-6**

* "കടിയാപ്പട്ടികൾ നിന്നുകുരച്ചാൽ
വടിയാലൊന്നു തിരിച്ചാൽ മണ്ടും"
* "പടനായകനൊരുപടയിൽ തോറ്റാൽ
ഭടജനമെല്ലാം ഓടിയൊളിക്കും"

'ശുദ്ധനർമ്മവും, പരിഹാസവും മാത്രമല്ല മനോഹരവർണ്ണനകളും നമ്പ്യാർക്ക് കഴിഞ്ഞിരുന്നു' ഈ പ്രസ്താവനയെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം കുറിക്കൂ. [5]

https://studymatequestionbank.blogspot.com/